# പതിനാലാം കേരള നിയമസഭ
# പതിനാലാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം:74** 28/01/2019 **ൽ മറുപടിയ്ക്ക്**

## ദുരിതാശ്വാസ നിധിയിൽ നിന്നും ചികിത്സാ സഹായം

| ചോദ്യം<br>ശ്രീ.കെ.ബാബു | | ഉത്തരം<br>പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
|---|---|---|---|
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ദുരിതാശ്വാസ നിധിയിൽ നിന്നും ചികിത്സാ സഹായമായി എത്ര കോടി രൂപയാണ് വിതരണം നടത്തിയിട്ടുള്ളത് എന്ന് വിശദമാക്കാമോ; | (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം ദുരിതാശ്വാസ നിധിയിൽ നിന്നും ചികിത്സാ സഹായമായി 424,22,86,716/- (നാന്നൂറ്റി ഇരുപത്തി നാല് കോടി ഇരുപത്തി രണ്ട് ലക്ഷത്തി എൺപത്തി ആറായിരത്തി എഴുന്നൂറ്റി പതിനാറ് രൂപ) രൂപ വിതരണം നടത്തിയിട്ടുണ്ട്. |
| (ബി) | ചികിത്സാ സഹായത്തിനുള്ള അപേക്ഷകൾ സമയബന്ധിതമായി തീർപ്പാക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് വിശദമാക്കാമോ? | (ബി) | ധനസഹായത്തിന് അർഹതയുള്ളതും പൂർണ്ണവുമായ അപേക്ഷകളുടെ മുൻഗണനയും അടിയന്തിര സ്വഭാവവും കണക്കിലെടുത്ത് തുക അനുവദിച്ച് ഉത്തരവ് പുറപ്പെടുവിച്ചു വരുന്നുണ്ട്. വിതരണത്തിലെ കാലതാമസം ഒഴിവാക്കാനായി ഓൺ ലൈൻ സംവിധാനം നിലവിൽ വന്നിട്ടുണ്ട്. മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും 15,000 രൂപവരെ ധനസഹായം അനുവദിക്കുന്നതിന് റവന്യൂ സ്പെഷ്യൽ സെക്രട്ടറിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. അനുവദിക്കുന്ന തുക അപേക്ഷകന്റെ ബാങ്ക് അക്കൗണ്ടിലേക്ക് നേരിട്ട് നല്കുന്നതിനായി Direct Benefit Transfer (DBT) സംവിധാനം നിലവിൽ വന്നിട്ടുണ്ട്. മതിയായ രേഖകൾ പരിശോധിച്ച് 10,000 രൂപ വരെയുള്ള ധനസഹായം അനുവദിക്കുന്നതിന് ജില്ലാകളക്ടറെ ചുമതലപ്പെടുത്തിയിട്ടുണ്ട് |

Smitha. A. S.

**സെക്ഷൻ ഓഫീസർ**